പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2163 16.08.2017 ൽ മറുപടിയ്ക്ക്

## കായിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുവാൻ നടപടി

ചോദ്യം

ശ്രീ.പി.കെ.ബഷീർ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് പൊതുവിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലിരുന്ന ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ് എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്പോർട്സ് സ്കൂൾ എന്ന നിലയിൽ അവയെ ദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി ഇവയുടെ പൂർണ്ണ നിയന്ത്രണവും സമഗ്ര പുരോഗതിയ്ക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ, ഉദ്ദേശ്യങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള ചുമതലയും പൂർണ്ണ മേൽനോട്ടവും ഭരണ നിയന്ത്രണ ചുമതലയും കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഭരണ നിയന്ത്രണ ചുമതല കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്ത ശേഷം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളിലെ ഹോസ്റ്റൽ പുതുക്കിപ്പണിയുന്നതിനും, കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ എന്നിവ പുതിയ അധ്യയന വർഷം ആരംഭിച്ച ഉടനെ തന്നെ വിതരണം ചെയ്തിട്ടുണ്ട്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രധാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമത ഉള്ളവരാക്കുന്നതിന് ലക്ഷ്യമിട്ട് പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പറളി, മേപ്പയൂർ, ഫറൂക്ക് ഗണപതി എന്നിവിടങ്ങളിലെ സ്കൂളുകളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സ്കൂളുകളിൽ ഗ്രൗണ്ട്, സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂളുകൾ, സ്റ്റേഡിയങ്ങൾ ഇവ നിർമ്മിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; | ബി) & സി) | നിലവിലുള്ള സ്കൈമൽ പദ്ധതി പ്രകാരം സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്കും മറ്റും ഫോർലൈൻ സിന്തറ്റിക് ട്രാക്കുകളും, മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് നിർമ്മിച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് സ്പോർട്സ് വികസിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി സംബന്ധിച്ച് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |
| സി) | എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ, മറ്റ് നടപടിക്രമങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**